# മാർത്തോമ്മാ യുവജനസഖ്യം

# അവയവദാന ബോധവത്ക്കരണ സെമിനാർ

പ്രിയ അച്ചൻ/സഖ്യം സ്നേഹിതരേ,

അവയവദാനം എന്നത് ഒരു മഹാദാനവും സത്കർമ്മവുമാണല്ലോ. ഈ മഹത്തായ ആശയം പിൻപറ്റിക്കൊണ്ട് ജീവൻ നിലനിർത്തുകയെന്നത് ദൗത്യനിർവ്വഹണത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവോടെ, അവയവദാനം എന്ന ശ്രേഷ്ഠമായ ദൗത്യം ഏറ്റെടുക്കുവാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ അവയദാന സമ്മതപത്രം ഒപ്പിടുക വഴി അനേക ജീവനെ രക്ഷിക്കുവാനും പുതുജീവൻ നൽകുവാനും നമുക്ക് കഴിയും.

അവയവദാനം എന്ന മഹത്തായ ആശയം പ്രാവർത്തികമാക്കുന്നതിനായി നമ്മുടെ മനസ്സുകളെ സജ്ജമാക്കാനും സഭാജനങ്ങളിൽ അവയവദാനത്തെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുവാനും ഈ പുണ്യകർമ്മത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പിക്കാനുമായി മാർത്തോമ്മാ യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ അവയവദാന മഹായജ്ഞ ബോധവത്ക്കരണ പരിപാടികൾ നടന്നു വരികയാണ്.

അവയവദാന സന്നദ്ധത പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സഖ്യത്തിന്റെ സാമൂഹിക വികസന വിഭാഗമായ **സൊസൈറ്റി ഫോർ ഡവലപ്മെന്റ് ആക്ഷൻസ് (MYSDA)-ന്റെ** ആഭിമുഖ്യത്തിൽ **2016 സെപ്റ്റംബർ 25-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30-ന് റാന്നി ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിൽ അവയവദാന ബോധവത്ക്കരണ സെമിനാർ** ക്രമീകരിച്ചിരിക്കുന്നു. **ഡോ. അനിത കുമാരി** *(ഡെപ്യൂട്ടി ഡി. എം. ഒ., പത്തനംതിട്ട)* ക്ലാസ്സിന് നേതൃത്വം നൽകുന്നതാണ്. പ്രസ്തുത സെമിനാറിലേക്ക് ഏവരേയും സവിനയം സ്വാഗതം ചെയ്യുന്നു.

പ്രാർത്ഥനാ പൂർവ്വമായ സാന്നിദ്ധ്യ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

യുവജനസഖ്യത്തിനുവേണ്ടി,

| | | |
|---|---|---|
| **റവ. ബേബി ജോൺ** | **റവ. സ്കറിയ തോമസ്** | **ഷൈജു ശാമുവേൽ** |
| ജനറൽ സെക്രട്ടറി | ചെയർമാൻ (MYSDA) | കൺവീനർ(MYSDA) |

**തിരുവല്ല**

**05-09-2016**